**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1552** **01-02-2024 - ൽ മറുപടിയ്ക്ക്**

**ഭൂപതിവ് ഭേദഗതി നിയമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | നിയമസഭ പാസ്സാക്കിയ കേരള ഭൂപതിവ് നിയമ ഭേദഗതി നടപ്പിലാക്കുന്നതിന് ഗവർണ്ണർ അനുമതി നല്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ; | (എ) | **ബഹു.ഗവർണറുടെ അനുമതി ലഭ്യമായിട്ടില്ല. അനുമതി ലഭ്യമാകാത്തതിന്റെ കാരണ വ്യക്തമല്ല.** |
| (ബി) | പ്രസ്തുത നിയമനിർമ്മാണം സംബന്ധിച്ച് ഗവർണ്ണർ വിശദീകരണം ആരാഞ്ഞിട്ടുണ്ടോ; എങ്കിൽ അവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; | (ബി) | കേരള ഭൂപതിവ് നിയമം (ഭേദഗതി) ബിൽ 2023 ലെ ഏതെങ്കിലും വ്യവസ്ഥകൾ സംബന്ധിച്ച് ഗവർണർ സ്പഷ്ടീകരണം ആവശ്യപ്പെട്ടിട്ടില്ല. എന്നാൽ ബഹു. ഗവർണർ ലഭിച്ച മൂന്ന് അപേക്ഷകൾ സർക്കാരിലേക്ക് അഭിപ്രായത്തിനായി അയച്ച് തന്നിട്ടുള്ളതും ആയതിന് മറുപടി നൽകിയിട്ടുള്ളതുമാണ്. |
| (സി) | പ്രസ്തുത നിയമത്തിന്റെ ചട്ടങ്ങൾ രൂപീകരിക്കുന്ന നടപടികൾ ആരംഭിച്ചിട്ടുണ്ടോ; | (സി) | ഗവർണർ ബില്ലിന് അംഗീകാരം നൽകുന്ന മുറയ്ക്ക് ചട്ടം രൂപീകരിക്കാനുള്ള നടപടി ആരംഭിക്കും. |
| (ഡി) | പ്രസ്തുത നിയമ ഭേദഗതിയിലൂടെ പട്ടയ ഭൂമിയുടെ സ്വതന്ത്രമായ വിനിയോഗം സാധ്യമാകുകയില്ല എന്ന ജനങ്ങളുടെ ആശങ്ക ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ഇ) | കൃഷി, ഗൃഹനിർമ്മാണം, മറ്റ് പൊതുവികസന ആവശ്യങ്ങൾ എന്നിവയ്ക്ക് പട്ടയഭൂമി സ്വതന്ത്രമായി ഉപയോഗിക്കാം എന്ന നിലയിൽ നിയമത്തിൽ/ ചട്ടത്തിൽ മാറ്റങ്ങൾ വരുത്താൻ നടപടി സ്വീകരിക്കുമോ? | (ഇ) | **നിയമ ഭേദഗതി പൊതുജനോപകാരപ്രദമായി നടപ്പിലാക്കുന്നതിനുപയുക്തമായ രീതിയിൽ ചട്ടങ്ങൾ രൂപീകരിക്കുന്നതാണ്.** |

സെക്ഷൻ ഓഫീസർ